SUNDAY 16.07.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-16/07/2023.

1. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറി ശാസ്ത്ര വിഭാഗത്തിൽ കൂർക്ക തലകൾ വില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു കൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം രാവിലെ 9 മണി മുതൽ 4 വരെയായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9188248481 എന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

2. സംസ്ഥാന മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിനു കീഴിൽ ആലപ്പുഴ തോണ്ടൻകുളങ്ങര, ഇന്ദിര ജംഗ്ഷന് സമീപം പ്രവർത്തിക്കുന്ന മേഖല മണ്ണ് പരിശോധന ലബോറട്ടറിയിൽ കർഷകരുടെ മണ്ണ് സാമ്പിളു കൾ പരിശോധിച്ച് അനുയോജ്യമായ വളപ്രയോഗ നിർദ്ദേശങ്ങൾ അടങ്ങിയ മണ്ണാരോഗ്യ കാർഡ് നൽകി വരുന്നു. മണ്ണ് പരിശോധനയ്ക്ക് നിർദ്ദിഷ്ട ഫീസ് ഈടാക്കുന്നതാണ്. താൽപര്യമുള്ള കർഷകർ തണലത്ത് ഉണക്കിയ, കുറഞ്ഞത് അരക്കിലോ വരുന്ന മണ്ണ് സാമ്പിളുകൾ ലബോറട്ടറിയിൽ എത്തിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0477 2236294 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

3. സർക്കാർ പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്കോ) 45 - 50 ദിവസം പ്രായമായ ബി.വി 380 ഇനത്തിൽപ്പെട്ട മുട്ടക്കോഴികൾ വിൽപ്പനയ്ക്ക് തയ്യാറാ യിട്ടുണ്ട്. ആവശ്യമുള്ളവർ 9495000915, 9495000923 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

4. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ പശുക്കൾക്ക് തീറ്റയായി നൽകുന്നതിന് 50 ടൺ മെയ്സ് സൈലേജ് (Maize Silage) വിതരണം ചെയ്യുന്നതിന് താല്പര്യമുള്ളവരിൽ നിന്നും മുദ്രവെച്ച മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷനുകൾ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 27 പകൽ 11 മണി വരെയാണ്. കൂടുതൽ വിവരങ്ങൾക്ക് 0471-2732962 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

5. തൃശൂർ കൃഷിവിജ്ഞാന കേന്ദ്രത്തിൽ വിളപരിപാലനം, ജൈവ ഉപാധികളുടെ നിർമ്മാണം, സസ്യ സംരക്ഷണമുറകൾ തുടങ്ങിയ വിഷയങ്ങളിൽ ഈ മാസം 18 ന് (18/07/2023) പരിശീലനപരിപാടി

സംഘടിപ്പിക്കുന്നു. താല്പര്യമുള്ളവർക്ക് 9400483754 എന്ന നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണി വരെ രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 24, 25 (ജൂലൈ 24,25) തീയതികളിൽ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം നൽകുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ 0471-2732918 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടുക.

7. ആലപ്പുഴ ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറി പരിശീലന കേന്ദ്രത്തിൽ വെച്ച് ആന്റിബയോറ്റിക്സിന്റെ ദുരുപയോഗവും ദൂഷ്യഫലങ്ങളും എന്ന വിഷയത്തിൽ ഒരു ദിവസത്തെ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുന്നു. ജൂലൈ 19 ബുധനാഴ്ചയാണ് പരിശീലനം. പരിശീലനത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ ഓഫീസ് സമയങ്ങളിൽ 0479-2457778, 0479-2452277എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്ത് നമ്പർ വാങ്ങേണ്ടതാണ്. ഏതെങ്കിലും കാരണങ്ങളാൽ സർക്കാർ അവധി പ്രഖ്യാപിച്ചാൽ അറിയിച്ചിരിക്കുന്ന തീയതിയുടെ തൊട്ടടുത്ത പ്രവൃത്തി ദിവസം പരിശീലനം ഉണ്ടായിരിക്കുന്നതാണ്.

8. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈമാസം 19, 20 തീയതികളിൽ ആട് വളർത്തൽ എന്ന വിഷയത്തിലും 25, 26 തീയതികളിൽ കറവപ്പശു പരിപാലനം എന്ന വിഷയത്തിലും പരിശീലനം ഉണ്ടായിരിക്കുന്നതാണ്. താല്പര്യമുള്ളവർ നേരിട്ടോ ഓഫീസ് സമയങ്ങളിൽ 04892-234323 എന്ന നമ്പറിൽ വിളിച്ചോ 9188522706 എന്ന നമ്പറിൽ വാട്സ്ആപ്പ് സന്ദേശം അയച്ചോ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

9. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ഡയറി എന്റർപ്രണർഷിപ്പ് ഡവലപ്മെന്റ് സെന്ററിൽ ക്ഷീരകർഷകർക്കായി **'ശാസ്ത്രീയ പശുപരിപാലനം'** എന്ന വിഷയത്തെ ആസ്പദമാക്കി ഈ മാസം 18 മുതൽ 22 വരെ 5 ദിവസത്തെ കർഷക ട്രെയിനിംഗ് നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447479807, 9495390436, 04734299869 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് ചെയ്തോ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

**മഴക്കാല സംരക്ഷണം കന്നുകാലികളിൽ**

10. മഴ സമയത്ത് കന്നുകാലികളിൽ അകിട് വീക്ക രോഗ സാധ്യത കൂടുതലായതിനാൽ പാൽ കറന്ന

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ശേഷം ടിങ്ച്ചർ അയഡിൻ ലായനിയിൽ (Tincture iodine solution ) മുലക്കാമ്പുകൾ 7 സെക്കൻഡ് നേരം മുക്കി വെക്കുക. മഴ സമയത്ത് തൊഴുത്തിലെ വെള്ളക്കെട്ടിൽ അധിക നേരം കന്നുകാലികൾ നിക്കാനിടയായാൽ കുളമ്പ് ചീയൽ രോഗം ഉണ്ടാകാനുള്ള സാധ്യതയുള്ളതിനാൽ പൊട്ടാസ്യം പെർമഗനറ്റ് ലായനി ഉപയോഗിച്ച് ദിവസവും 3 നേരം കുളമ്പു വൃത്തിയാക്കുക. മഴക്കാലത്ത് കന്നുകുട്ടികളിൽ ന്യുമോണിയ ബാധ വരാനുള്ള സാധ്യതയുള്ളതിനാൽ തൊഴുത്തിലെ ചോർച്ച പരിഹരിക്കുകയും വെള്ളക്കെട്ട് ഒഴിവാകുകയും ചെയ്യണം. ബാഹ്യപരാദങ്ങളായ കൊതുക്, കടിയീച്ചകൾ തുടങ്ങിയവയുടെ ഉപദ്രവം തടയുന്നതിനായി ചാണക കുഴികളിൽ കുമ്മായം വിതറുക പ്രസവാനന്തരം പശുക്കൾക്കും കന്നുകിടാങ്ങൾക്കും ശരീരഭാരത്തിനനുസരിച്ച് വിരമരുന്ന് നൽകാൻ ശ്രദ്ധിക്കുക

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം